# പോസ്റ്റ് ഹ്യൂമനിസ്റ്റ് ലോകഭാവന ഇ. സന്തോഷ് കുമാറിന്റെ ചെറുകഥകളിൽ

**ആര്യ . ടി**

**ആമുഖം**

മനുഷ്യന്റെ പരിണാമഘട്ടം മുതൽ പ്രകൃതിയുമായും ജന്തുലോകവുമായും കൊടുക്കൽവാങ്ങലുകൾ ഉണ്ടായിട്ടുണ്ട്. മറ്റേതൊരു ജീവിയേയും പോലെ തന്റെ ചുറ്റുപാടുകളോടു പോരാടി അതിജീവനംനേടിയ ജീവിവർഗമാണ് മനുഷ്യൻ. വേട്ടയാടിനടന്ന മനുഷ്യന്റെ അടിസ്ഥാന ആവശ്യം ഭക്ഷണമായിരുന്നു. ഇതര ജന്തുസമൂഹത്തിനു നേരെയുള്ള ആക്രമണത്തിലൂടെ അതു നേടിയെടുക്കാൻ മനുഷ്യനു സാധിച്ചു. ജീവികളെ ഇണക്കിയെടുക്കുന്നതും തന്റെ പുതുലോകനിർമ്മിതിക്കു വേണ്ടി വിനിയോഗിക്കുന്നതും മനുഷ്യചരിത്രത്തിന്റെ ഭാഗമാണ്. മനുഷ്യന്റെ അതിജീവനത്തിന്റെയും അധിനിവേശത്തിന്റെയും കഥ മറ്റു ജന്തുവിഭാഗങ്ങളുടെ കീഴ്പ്പെടുത്തലുകളുടേതുകൂടിയാകുന്നത് അതുകൊണ്ടാണ്. പ്രകൃതിയെയും ഇതര ജീവജാലങ്ങളെയും തന്റെ ഇച്ഛയ്ക്കൊത്ത് ഉപയോഗിക്കുക അതല്ലെങ്കിൽ അവയെ തനിക്കനുകൂലമാക്കി മാറ്റിയെടുക്കുക എന്ന അധികാരയുക്തിയാണ് ഇവിടെ പ്രയോഗിക്കപ്പെട്ടത്. ഇങ്ങനെ ഒരു മനുഷ്യകേന്ദ്രിത ബോധമാണ് മാനവവാദം (ഹ്യൂമനിസം) മുന്നോട്ടുവച്ചത്.

'നാലുകാലുള്ള മൃഗം പ്രകൃതിയിൽനിന്ന് കിട്ടുന്നതെടുത്ത് അനുഭവിച്ചുകൊണ്ടു ജീവിക്കുന്നു. മനുഷ്യനാകട്ടെ തന്റെ കൈകളുപയോഗിച്ച് ആവശ്യമായ സാമഗ്രികൾ സ്വയം നിർമിക്കുന്നു". മനുഷ്യന്റെ ഘട്ടംഘട്ടമായ വളർച്ചയും വ്യക്തിത്വവികാസവും പുതിയ സാമൂഹ്യഘടനയും മൂലധനാധിഷ്ഠിതലോകക്രമവും റ്റൊരു ദിശയിലേക്കാണ് എത്തിച്ചേർന്നത്. മനുഷ്യൻ സ്വയം ഒരു ഭൗമശക്തിയായി മാറുകയായിരുന്നു. ഈ ചരിത്രസന്ധിയിലാണ് മാനവാനന്തര(പോസ്റ്റ്ഹ്യൂമൻ) ലോകത്തെക്കുറിച്ച് ചോദ്യങ്ങളും ഉത്തരങ്ങളുമുണ്ടാകുന്നത്. 'മനുഷ്യകേന്ദ്രിതമായ എല്ലാ വ്യവഹാരങ്ങളെയും ജ്ഞാനപദ്ധതികളെയും വിമർശനവിധേയമാക്കിക്കൊണ്ട് മനുഷ്യന്റെതന്നെ അപരസംക്രമണങ്ങളെക്കുറിച്ചും ആയിത്തീരലുകളെക്കുറിച്ചും വിശകലനംചെയ്യുന്ന പദ്ധതിയാണത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഹ്യൂമനിസത്തിന്റെ ന്യൂനതകളുമായും വൈരുദ്ധ്യങ്ങളുമായും

നിരന്തരമായി സംവദിച്ചുകൊണ്ട് അതിന്റെ അതിർരേഖകളെ വികസിപ്പിക്കുന്ന പോസ്റ്റ്ഹ്യൂമൻ ചിന്ത മനുഷ്യന്റെ 'സ്പീഷിസ് ഔന്നത്യ'ത്തെയും ബൗദ്ധികമായ ഔന്നത്യത്തെയും നിരന്തരമായി ചോദ്യംചെയ്യുന്നു [2]'.

ഈ ഗതിമാറ്റത്തെ സാഹിത്യവും നിരന്തരമായി അടയാളപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മനുഷ്യസൃഷ്ടിയായിതന്നെ നിലകൊള്ളുമ്പോഴും മനുഷ്യകർതൃത്വത്തെ, കൃത്യമായി നിർവചിക്കാ ൻ സാഹിത്യത്തിനു സാധിച്ചു. മലയാളത്തിൽ ഈ പ്രവണത നേരത്തേ ആരംഭിച്ചത് കഥകളിലാണ് എന്നു പറയാം. തുടക്കംമുതൽ പലതരത്തിലുള്ള ആഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും നവോത്ഥാനകാലം മുതലാണ് മനുഷ്യനും ജൈവലോകവും ഇതര ജീവജാലങ്ങളും കഥയിൽ ഇടപെടലുകൾ നടത്തുന്നത്. ആധുനികതയിൽനിന്നും ഉത്തരാധുനികതയിലെത്തിനിൽക്കുമ്പോൾ പുതിയ മനുഷ്യവായനകളും മനുഷ്യാനന്തരവായനകളും ഉണ്ടാവുകയാണ്.

**നാരകോപമയിലെ ജൈവലോകം**

സ്ഥൂലത്തിൽനിന്നും സൂക്ഷ്മത്തിലേക്ക് വികസിക്കുന്ന രചനകളാണ് ഉത്തരാധുനികതയുടെ പൊതുവായ ഒരു പ്രത്യേകത. സാമ്പ്രദായിക ഘടനകളെ അവ തകിടംമറിക്കുന്നുണ്ട്. ഇ സന്തോഷ്കുമാറിന്റെ രചനകളിലും ഇത് കാണാം. പ്രകൃതിയോടും ജൈവലോകത്തോടും കൂടിച്ചേർന്നുകൊണ്ടുള്ള എന്നാൽ, അതോടൊപ്പം വിശാലമായ മാനുഷികബോധത്തിന്റെയും രാഷ്ട്രീയവും ചരിത്രവുമായ മാനങ്ങളുടെയും ഒരു മിശ്രഭൂമികയാണ് സന്തോഷ്കുമാറിൽ രൂപംകൊണ്ടിരിക്കുന്നത്. ആവാസവ്യവസ്ഥയുടെ, സഹജീവിസ്നേഹത്തിന്റെ, പങ്കിടലുകളുടെ ഒരു പ്രപഞ്ചമാണ് സന്തോഷ് കുമാറിന്റെ നോവലുകളിലായാലും കഥകളിലായാലും കണ്ടെടുക്കാനാവുന്നത്. ആഖ്യാനത്തിലും ആവിഷ്കാരത്തിന്റെ തെളിമയിലും തീർത്തും ജൈവലോകവുമായുള്ള ലയനം ഇ സന്തോഷ് കുമാറിന്റെ കഥകളിലുണ്ടെന്ന് പറയാം. ചരിത്രത്തോടൊപ്പം ഭാവനയുടെ അംശവും അതിൽ ഉൾച്ചേർന്നിരിക്കുന്നു.

**'അന്ധകാരനഴി '**

അന്ധകാരനഴി എന്ന നോവലിൽ കേരളചരിത്രത്തിലെ ഒരു കാലഘട്ടമാണ് വായനക്കാരിലേക്ക് തുറന്നു വയ്ക്കുന്നത്. കേരളത്തിലെ തീവ്ര ഇടതുപക്ഷ രാഷ്ട്രീയകാലത്തിന്റെ

പശ്ചാത്തലവും ജനജീവിതത്തിന്റെ അവസ്ഥകളുമാണ് ഈ നോവലിലെ പ്രമേയം. അടിയന്തരാവസ്ഥയും സാമൂഹികജീവിതവും അധികാരവും മനുഷ്യബന്ധങ്ങളും സൂക്ഷ്മമായി ഇതിൽ ആവിഷ്കരിക്കപ്പെടുന്നു. ഇരകളെക്കുറിച്ചാണ് നോവൽ സംസാരിക്കുന്നത് തലമുറകളിലൂടെ തുടരുന്ന മനുഷ്യാവകാശ നിഷേധങ്ങളുടെയും അന്ധകാരത്തിന്റെയും തുടർച്ചയെ നോവൽ അടയാളപ്പെടുത്തുന്നുണ്ട്. സഹജീവനത്തിന്റെയും മാനുഷികതയുടെയും ജൈവികതയുടെയും ഇടപെരിയൽ ഈ എഴുത്തുകാരന്റെ രചനകളിൽ പൊതുവേ പ്രകടമാണ്. 'മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു' 'നാരകോപമ' തുടങ്ങിയ സമാഹാരങ്ങളിലെ കഥകളിൽ മനുഷ്യന്റെ നിസ്സാരതയും ഏകാന്തദുഃഖങ്ങളും അഭിസംബോധന ചെയ്യുമ്പോഴും പ്രകൃതിയുടെയും ജൈവമണ്ഡലത്തിന്റെയും സമ്മിശ്രണം കണ്ടെടുക്കാൻ ആവുന്നുണ്ട്

**കഥകളിലെ ജൈവലോകം**

മനുഷ്യനോടൊപ്പം മൃഗങ്ങളും പക്ഷികളും മരങ്ങളും സന്തോഷ്കുമാറിന്റെ കഥാപാത്രങ്ങളാണ്. ഗാലപ്പഗോസ്, നദിക്കരയിലേക്ക്, മയിലുകളുടെ നൃത്തം, മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു, ഉറുമ്പുകളെ ചവിട്ടിമെതിക്കുന്നതിലെ സുഖം, ബോൺസായി, ഒരു പൂച്ചയുടെ ആത്മകഥ, പാശുപതം, ചേക്ക, കാറ്റാടിമരങ്ങൾ, സർപ്പസത്രം, മുട്ടയോളം വലിപ്പമുള്ള ധാന്യമണികൾ, മീനുകൾ, പണ്ടാലയുടെപെട്ടകം, നാരകങ്ങളുടെ ഉപമ തുടങ്ങിയ കഥകൾ ഇതിനു തെളിവാണ്. മനുഷ്യൻ കേന്ദ്രമായി നിലകൊള്ളുമ്പോഴെല്ലാം മറ്റുള്ള ജീവജാലങ്ങൾ അവനു കീഴ്പ്പെട്ട് ജീവിക്കേണ്ടവയാണ് എന്ന ബോധം ആധുനിക മനുഷ്യകേന്ദ്രിത ചിന്തയിൽ നിലനിൽക്കുന്നുണ്ട്. മനുഷ്യനിർമിതശാസ്ത്രങ്ങളും തത്വസംഹിതകളുമെല്ലാം അതിനെ പിന്താങ്ങുകയും ചെയ്യുന്നു. ഇതു പ്രകൃതിയോടും മനുഷ്യേതര ജന്തുജാലങ്ങളോടുമുള്ള നീതിനിഷേധമാണ്. ഈ തിരിച്ചറിവിൽനിന്നും ഉത്കണ്ഠകളിൽനിന്നുമാണ് സന്തോഷ്കുമാറിന്റെ കഥകളിൽ പാരിസ്ഥിതികസാന്നിധ്യം കടന്നുവരുന്നത്. ഗാലപ്പഗോസ് എന്ന കഥയിലെ സർക്കസ് കൂടാരത്തിലെ മൃഗങ്ങൾ അടച്ചിട്ട കൂടുകളിലിരുന്ന് തങ്ങളുടെ ഭൂതകാലം അയവിറക്കുന്നവയാണ്. ഭാവനയിൽ മണൽക്കാടു കാണുന്ന ഒട്ടകവും അലറാത്ത സിംഹവും കൂടുകളിലെ പക്ഷികളും എല്ലാം. എന്നാൽ ഇതെല്ലാം വളരെ താല്പര്യത്തോടെ കണ്ടുനിൽക്കുന്ന മനുഷ്യനെ കൂട്ടിലടച്ചിടുന്നത് ആ മൃഗങ്ങൾക്ക് കണ്ടുനിൽക്കാൻ സാധിക്കുന്നില്ല. മനുഷ്യനു മാത്രമല്ല കരുണയും സഹാനുഭൂതിയും ഉള്ളത്, മറ്റു ജീവികൾക്കും അതിന് അവകാശമുണ്ട് എന്ന് ഈ കഥ ഓർമിപ്പിക്കുന്നു. ഒപ്പം കുട്ടികൾക്ക് സംഭവിക്കുന്ന ഒരു ദുരന്തംകൂടി ഇവിടെ നിരീക്ഷിക്കപ്പെടുന്നുണ്ട്.

ചെറുപ്രായത്തിലേ ബാല്യത്തിന്റെതായ എല്ലാ നിഷ്കളങ്കതകളും നഷ്ടപ്പെട്ട് മുതിർന്നവരെപ്പോലെ പെരുമാറുന്നകുട്ടികൾ. അവരുടെ കണ്ണുകളിൽ വിസ്മയങ്ങളില്ല. മരം മുറിക്കുമ്പോൾ വനനശീകരണം സംഭവിക്കുമ്പോൾ ജന്തുജീവജാലങ്ങൾ നേരിടേണ്ടിവരുന്ന അനാഥത്വമുണ്ട്. മരം മുറിഞ്ഞുവീഴുമ്പോൾ അവിടെ തകരുന്നത് പല ജീവിവർഗങ്ങളുടെയും ആവാസവ്യവസ്ഥ തന്നെയാണ്. അതിനെ മറികടക്കാനാണ് കാട്ടിലെ മൃഗങ്ങൾ നാട്ടിലിറങ്ങുന്നത്. മുറിഞ്ഞു താഴേക്കുപതിക്കുന്ന മരത്തിനൊപ്പം ഒരുപാട് കരച്ചിലുകൾ കേൾക്കാനാകും. മയിലുകളുടെ നൃത്തം, പരുന്ത് തുടങ്ങിയകഥകളിൽ ഈ കരച്ചിലിനെകുറിച്ച് പറയുന്നുണ്ട്.

'പണ്ടാലയുടെ പെട്ടകം എന്ന കഥയിൽ മൃഗങ്ങളെ പ്രദർശനവസ്തുവായി മാത്രം കാണുന്ന മനുഷ്യൻ മൃഗശാലകളിൽനിന്നും ചുരുങ്ങിയവിലയ്ക്ക് മൃഗങ്ങളെ വാങ്ങുകയും അവയെ തന്റെ വീടിനു അലങ്കാരമായും തന്റെ പ്രമാണിത്തം കൂട്ടുന്നതിനുള്ള ഒന്നായും കാണുന്നുണ്ട്. ജീവജാലങ്ങളെ ക്രൂരമായി പരിഗണിക്കുന്ന മനുഷ്യന്റെ ഞാനെന്ന ഭാവം ഇവിടെ പരിഹസിക്കപ്പെടുന്നു. 'സർപ്പസത്രം' എന്ന കഥ മനുഷ്യന്റെ ക്രൂരമായ മുഖത്തെ തുറന്നുകാട്ടുന്നുണ്ട്. കുന്നിൻപുറത്തെ മുള്ളുകട് തീയിട്ട് പാമ്പുകളെ പിടിച്ച അവയുടെ വിഷപ്പല്ലുകൾ നീക്കംചെയ്യുന്ന ദയാരഹിതനായ മനുഷ്യൻ. ഇതിനെല്ലാം വിപരീതമായി ഒരു പൂച്ച മനുഷ്യനെ വീക്ഷിക്കുന്ന തരത്തിൽ കഥാകഥനം നടത്തുന്ന കഥയാണ് 'ഒരു പൂച്ചയുടെ ആത്മകഥ' മനുഷ്യരെ കുറിച്ച് പൂച്ച പറയുന്നത് ഇങ്ങനെയാണ്. "തിരക്കിട്ട ഓടിപ്പോകുന്ന മനുഷ്യരെ കാണുമ്പോഴെല്ലാം എനിക്ക് സഹതാപം തോന്നും. പാവങ്ങൾ ഓടിയോടി ഒരു കുടുസ്സുമുറിയിൽ ചെന്ന് മറ്റൊരു കിളിവാതിലിലൂടെ നോക്കി ഒഴുകിപ്പോകുന്ന ജീവിതത്തെയും കണ്ട് നരകിക്കാൻ വിധിക്കപ്പെട്ടവർ ".

മനുഷ്യനും ജന്തുവും തമ്മിലുള്ള കൂടിച്ചേരലുകളെയും ആഴങ്ങളിലുള്ള ബന്ധത്തെയും വിഷയമാക്കുന്ന കഥകളാണ് പരുന്ത്, വാവ എന്നീ കഥകൾ. 'പരുന്ത് 'എന്ന കഥയിലെ പരുന്ത് യാഥാർത്ഥത്തിൽ മനുഷ്യൻ തന്നെയാണ്. സ്വത്വമോ അസ്തിത്വമോ തിരിച്ചറിയാനാകാത്ത പരുന്ത് സ്വാതന്ത്ര്യത്തെ ഭയപ്പാടോടെ മാത്രം കാണുന്നു. ഭൂതകാലത്തിന്റെ ഭീകരാന്തരീക്ഷം ഉള്ളിൽപേറുന്ന മനുഷ്യൻതന്നെയാകുന്നു പരുന്ത്. അതുകൊണ്ടാണ് അതിനെ മനുഷ്യന്റെ പേരിട്ടുതന്നെ വിളിക്കാൻ കഥാകൃത്ത് തുനിയുന്നതും. കഥയെഴുത്തിൽ കൊണ്ടുവരുന്ന ഈ ജൈവികബന്ധം ജൈവലോകവും, മാനുഷികലോകവും രണ്ടല്ല എന്ന വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. തന്റെ കാളയ്ക്ക് കാമാതുരമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചുകൊടുക്കുന്ന വാവ എന്ന കഥാപാത്രം ഒരു കാളയായി

രൂപാന്തരപ്പെടുകയാണ് 'വാവ 'എന്നകഥയിൽ. സാധാരണക്കാരുമായി സംവദിക്കാനിഷ്ടപ്പെടാത്ത, ഏകരംകുറഞ്ഞ വാവ തന്റെ കാളയുടെമാത്രം മനസിലാവുന്ന കുവലുകളും മുരൾച്ചകളും മാത്രം പുറപ്പെടുവിക്കുന്നു. ഒരുതരത്തിലുള്ള വേഷപകർച്ചയെന്നോണമാണ് വാവ എന്ന കഥാപാത്രത്തെ എഴുത്തുകാരൻ അവതരിപ്പിക്കുന്നത്. മനുഷ്യനിൽ ഉൾച്ചേർന്നിരിക്കുന്ന ജന്തുവാസനകളാണ് ഇത്തരത്തിൽ ചിലഘട്ടങ്ങളിൽ മാത്രം വെളിപ്പെടുന്നത്.

"നടുന്ന എല്ലാ മരങ്ങളും നമ്മുടെ ജീവിതകാലത്തുതന്നെ കായ്ക്കണമെന്ന് എന്താണിത്ര വാശി". ഇത് ഒരു പ്രപഞ്ചസത്യമാണ്. നാം ഉൾപ്പെട്ടിരിക്കുന്ന ഈജൈവമണ്ഡലം ആർക്കും പ്രത്യേകമായി ഒന്നും നിലനിർത്തുന്നില്ല. എല്ലാവർക്കും വേണ്ടി അത് പലതും കാത്തുസൂക്ഷിക്കുണ്ടുതാനും. മനുഷ്യൻ പലതും പ്രകൃതിയോട് ആവശ്യപ്പെടുകയാണ്. തമാനെയുടെ അഭിപ്രായത്തിൽ സമയം എന്നുപറയുന്നത് ഭൂമിയിൽ ഹ്രസ്വകാലംമാത്രം ജീവിച്ചിരിക്കുന്നു എന്ന് തോന്നുന്നവരുടെ പ്രശ്നമാണ്. നമ്മൾ വീണിടത്തുനിന്ന് മറ്റൊരാൾ ഓടുന്നു എന്ന് വിചാരിച്ചാൽ എല്ലാകുഴപ്പങ്ങളും തീരും. ഇതൊരു വസ്തുതയാണ്. മനുഷ്യപരിണാമംമുതൽ തുടരുന്ന ഒരു നിയമമാണിത്. ഒരുതരത്തിൽ കുഴിച്ചെടുക്കൽപോലും അമ്മയുടെ ഗർഭപാത്രത്തിലേക്കുള്ള തിരിച്ചുപോക്കാണ്. നാരകത്തിന്റെ വിത്തുകളാകട്ടെ പരിണാമത്തിന്റെയും നീട്ടിവയ്ക്കലുകളുടെയും അടയാളമായി ശേഷിക്കുന്നു. 'നാരകത്തിന്റെ ഉപമ'യിലെ തമാനെ ഭൂമിയ്ക്കടിയിൽനിന്ന് പലതും കുഴിച്ചെടുക്കുന്ന, മെല്ലെപോക്കുകളുടെ ജോലിയിലേർപ്പെടുന്ന വ്യക്തിയാണ്. അയാൾക്ക് ഭൂമി ഗർഭഗൃഹം തന്നെയാണ്.

ഓരോ വൃക്ഷത്തിനുകീഴിലും ഒരു പക്ഷി ഒളിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് വൃക്ഷങ്ങളെയും പക്ഷികളെയും ഒന്നിച്ചുചേർക്കുന്ന വിചിത്രബന്ധത്തെ തെളിവുകളോടെ സ്ഥാപിക്കുന്നുണ്ട് 'മയിലുകളുടെനൃത്തം' എന്ന കഥയിൽ. കഥയിലൊരിടത്ത് പറയുന്നുണ്ട് "ഉല്പത്തിയുടെ ആഴ്ചയിലെ ദൈവത്തെപോലെ വലിയ തിരക്കുകളിലായിരുന്നു അച്ഛൻ" എന്ന്. ഒരു കലാകാരന്റെ സൃഷ്ടികർമ്മത്തെ ദൈവത്തിനോട് ചേർത്തുവയ്ക്കുകയാണ് എഴുത്തുകാരൻ. വേരുകളിൽനിന്നും പലതരത്തിലുള്ള പക്ഷികളെ നിർമിച്ചെടുക്കുന്ന കലാകാരൻ. ഇലകളെയാകെ ഉലച്ചുകൊണ്ട് ആർത്തമായി നിലംപതിക്കുന്ന മരങ്ങളുടെ കാഴ്ച്ച തീർത്തും ദാരുണമാണ്. എന്നാൽ, അങ്ങനെ നിലംപതിക്കുന്ന മരങ്ങളുടെ വേരുകൾ പക്ഷികളായി രൂപംപ്രാപിക്കാനിരിക്കുന്നവയാണ് എന്നത് ആശ്വാസംനൽകുന്നു.

വെട്ടിനിർത്തിയ ശാഖകളും സർപ്പങ്ങളെപ്പോലെ പുളഞ്ഞ വേരുകളുള്ള അരയാൽപോലെയാണ് താനെന്ന് കണ്ണാടിയിൽ നോക്കി ഭയപ്പെടുന്ന പെൺകുട്ടിയാണ് 'ബോൺസായ്' എന്ന കഥയിലേത്. കൈകൾ മുരടിച്ച്, കാലുകൾ മുരടിച്ച് ജരാനരകൾ ബാധിച്ച വൃദ്ധസുന്ദരികളെപോലെയുള്ള ബോൺസായികൾ. അവ വിളർത്ത മനുഷ്യശരീരത്തെപോലെ തോന്നിപ്പിക്കുന്നു. നായിക തന്റെ വീട്ടുമുറ്റത്തെ പൂന്തോട്ടത്തിൽനിന്നും വിറ്റുപോകാത്ത ബോൺസായിചെടിയിൽ അവളെതന്നെയാണ് കാണുന്നത്. അവൾ ആ ചെടിയുമായി താദാത്മ്യംപ്രാപിക്കുന്നു.

വ്യത്യസ്തമായ കഥാലോകത്തിനുള്ളിൽ വൈകാരികതയുടെയും പാരിസ്ഥിതികതയുടെയും ലോകംകൂടി നിലനിർത്തുന്നുണ്ട് കഥാകൃത്ത്. മനുഷ്യവികാരങ്ങൾ പലപ്പോഴും ജൈവലോകവുമായി കോർത്തുവയ്ക്കുന്നു. നാരകങ്ങളുടെഉപമ'യിലെ തമാനെയെപോലെ പാരിസ്ഥിതികബോധത്തിന്റെ ഗർഭഗൃഹംതേടി പോവുകയാണ് ഇ സന്തോഷ്കുമാറിന്റെ കഥകൾ. ഇവിടെ സഹജീവനമെന്നത് മനുഷ്യാനന്തരതയുടെ പ്രതീക്ഷയും പ്രതിരോധവുമാകുന്നു.

**കുറിപ്പുകൾ:**

1) കെ. ദാമോദരന്റെ 'മനുഷ്യൻ' എന്ന പുസ്തകം (2014) പുറം 26 – മൃഗത്തിൽനിന്ന് മനുഷ്യനിലേക്ക് എന്ന അധ്യായം.

2) പ്രസാദ് പന്ന്യൻ എഡിറ്റുചെയ്ത 'ആർ യു ഹ്യൂമൻ' എന്ന പുസ്തകം (2021) പുറം 38 – പോസ്റ്റ് ഹ്യൂമൻ ചിന്തയ്ക്കൊരാമുഖം എന്ന പ്രവേശിക.

**ഗ്രന്ഥസൂചി**


1) പ്രസാദ്, പന്ന്യൻ. 'ആർ യു ഹ്യൂമൻ'. കോട്ടയം : ഡി.സി ബുക്സ് , 2021.
2) മധുസൂദനൻ ,ജി. 'കഥയും പരിസ്ഥിതിയും' . കോട്ടയം : കറന്റ് ബുക്സ് , 2006
3) തിലക്, പി. കെ. 'കഥാപഠനങ്ങൾ '. കോഴിക്കോട് : മാതൃഭൂമി ബുക്സ്,2012.
4) ദാമോദരൻ, കെ. 'മനുഷ്യൻ'. തിരുവനന്തപുരം : പ്രഭാത് ബുക് ഹൗസ്, 2014 .

5) ശ്രീകുമാർ ,ടി.ടി. 'പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ' . കോഴിക്കോട് : പുസ്തക പ്രസാധക സംഘം, 2021.

6) സന്തോഷ് കുമാർ ,ഇ. 'മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു ' . തൃശ്ശൂർ : കറന്റ് ബുക്സ് , 2003.

7) സന്തോഷ് കുമാർ, ഇ.' നാരകങ്ങളുടെ ഉപമ '.കോട്ടയം :ഡി. സി ബുക്സ്,2019.